**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-ഇൻഡിവിഡ്വൽ മാനേജ്മെന്റ് സ്കൂൾസ് അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം.833/2018-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.2243/2018/പൊവിവ തിരുവനന്തപുരം, തീയതി 16/06/2018**

പരാമർശം:- 1. WP (C ) 833/18 കേസിലെ ബഹു. ഹൈക്കോടതിയുടെ 9-1-2018-ലെ വിധിന്യായം

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 4/2018 തീയതിയിലെ എച്ച്2/23475/2018/DPI നമ്പർ കത്ത്.

3. 12-6-18 ലെ സ.ഉ (എം.എസ്) നം. 83/18/പൊവിവ

**ഉത്തരവ്**

"അസോസിയേഷൻ ഓഫ് എയ്ഡഡ് ഇൻഡിവിഡ്വൽ മാനേജ്മെന്റ്സ് സ്കൂൾസ്" എന്ന സംഘടന ഫയൽ ചെയ്ത WP (C ) 833/18 കേസിലെ ബഹു. ഹൈക്കോടതിയുടെ 9-1-2018 ലെ വിധിന്യായത്തിൽ പരാതിക്കാർ സർക്കാരിൽ ഫയൽ ചെയ്തിരുന്ന 20-07-2017-ലെ നിവേദനം (Ex.P8) നാലുമാസത്തിനുള്ളിൽ തീർപ്പാക്കി ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 27-03-2018 ന് സംഘടനാ ഭാരവാഹികളെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയെയും നേരിൽ വാദം കേട്ടു.

നിലവിലിരിക്കുന്ന ഉത്തരവുകളനുസരിച്ച് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലേ ആകാവൂ എന്നതിന് മാറ്റം വരുത്തണമെന്നതാണ് സംഘടന 20-7-17 ന് സർക്കാരിൽ ഫയൽ ചെയ്തിരുന്ന നിവേദനത്തിലെ പ്രധാന ആവശ്യം. ഹിയറിങ് വേളയിൽ സംഘടനാഭാരവാഹികൾ ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാതാകുന്നത് മാനേജരുടെ കുറ്റം കൊണ്ടല്ല. ദിവസവേതനത്തിലുള്ള ടീച്ചർമാർ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ കുട്ടികളെ വിടാൻ രക്ഷകർത്താക്കൾ മടിക്കുന്നത് സ്വാഭാവികമാണ്.
2. നിലവിലെ ഉത്തരവുകളനുസരിച്ച് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനത്തിലുള്ള ടീച്ചർമാരെ നിയമിക്കാനേ നിർവ്വാഹമുള്ളൂ.
3. ദിവസവേതനത്തിലുള്ള ടീച്ചർമാർക്ക് അദ്ധ്യാപനത്തിലുള്ള താത്പര്യകുറവ്, പ്രാഗത്ഭ്യമില്ലായ്മ, ഉത്തരവാദിത്വമില്ലായ്മ എന്നിവ ശ്രദ്ധേയമാണ്.
4. ഇൻഡിവിഡ്വൽ മാനേജ്മെന്റ് സ്കൂളുകളുടെ കാര്യത്തിലെങ്കിലും നിലവിലുള്ള നിയന്ത്രണങ്ങളിൽ അയവുവരുത്തി സ്ഥിരം ടീച്ചർമാരെ നിയമിക്കാൻ അനുവദിക്കേണ്ടതാണ്.
5. കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതു മൂലം ഇത്തരം സ്കൂളുകളിൽ തുച്ഛമായ തുക മാത്രമേ ആയിനത്തിൽ ലഭിക്കുന്നുള്ളൂ. ഈ അവസ്ഥയ്ക്കു നിവൃത്തി വരുത്താനായി കുട്ടികളുടെ എണ്ണം കുറഞ്ഞാലും ന്യായമായ ഒരു മിനിമം തുക നിശ്ചയിച്ച് അതിൽ കുറയാത്ത വിധം മെയിന്റനൻസ് ഗ്രാന്റ് നൽകണം. അല്ലെങ്കിൽ സ്കൂളിന്റെ മെയിന്റനൻസ് ആണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ ഒരു നിശ്ചിത വിസ്തീർണ്ണമുള്ള സ്ഥലത്തിന് ഒരു നിശ്ചിത തുക എന്ന റേറ്റിൽ (PWD നിശ്ചയിക്കുന്ന പ്രകാരവുമാകാം) മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണം.
6. സ്വന്തം പ്രജകൾക്ക് സൗജന്യസാർവ്വത്രിക വിദ്യാഭ്യാസം നല്കുക എന്ന കടമ നിറവേറ്റുവാൻ സർക്കാരിനു കഴിയാതിരുന്ന കാലത്ത് തന്റെ സ്വകാര്യസ്വത്തായ ഭൂമിയും പണവും നീക്കിവെച്ച് സ്കൂൾ ആരംഭിച്ച് സർക്കാരിനെ സഹായിച്ചവരാണ് പ്രൈമറി സ്കൂൾ മാനേജർമാർ.

ആയതിനാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത ഈ അവസ്ഥയിൽ തങ്ങളെ സഹായിക്കുന്നതിന് പ്രത്യേക ഉത്തരവ് ഉണ്ടാകണം.

ഈ വാദഗതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെയും പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു മാത്രമല്ല ഈ ഫയലിലെ ഹർജിക്കാരുടെ കേസ് തീർപ്പാക്കുന്ന വേളയിൽ 17-12-2015 ലെ WP( C) 19008/2013 ലുള്ള വിധിയും 30-08-2016 ലെ WA 424/2016 ലുള്ള വിധിയും കണക്കിലെടുത്തുവേണം ഹർജിക്കാരുടെ നിവേദനം തീർപ്പാക്കാൻ എന്ന് കോടതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധികൾ പ്രകാരം "ഒരു ക്ലാസ്സിൽ ഒരു അദ്ധ്യാപകൻ" എന്നത് വിദ്യാഭ്യാസാവകാശ നിയമത്തിന്റെ വെളിച്ചത്തിൽ ഒഴിച്ചുകൂടാനാകാത്തതാണ് എന്നു നിരീക്ഷിച്ചിട്ടുണ്ട്. വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിന് സ്കൂൾ ഒരു യൂണിറ്റെന്നല്ല, ക്ലാസ്സ് ഒരു യൂണിറ്റെന്നാണ് കണക്കിലെടുക്കേണ്ടത്. അദ്ധ്യാപനം നടക്കേണ്ടതു ള്ളതുകൊണ്ട് ഓരോ ക്ലാസ്സിലും ഒരു അദ്ധ്യാപകൻ വീതമുണ്ടാകണം. എലിമെന്ററി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രൈമറി തലത്തിൽ ഉത്തരവാദിത്വമുള്ള സ്ഥിരം അദ്ധ്യാപകർ ഉണ്ടാകേണ്ടത് സമൂഹത്തിന്റെ കൂടി ബാദ്ധ്യതയാണ്. ഈ നിരീക്ഷണങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം, മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് ചില ഇളവുകൾ ഏർപ്പെടുത്തി പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഇളവുകൾ ഹർജിക്കാരുടെ സ്കൂളുകൾക്കും ബാധകമാണ്. കൂടാതെ ക്ലാസ് ഒരു യൂണിറ്റായി കണക്കാക്കി, ക്ലാസ് ശരാശരി എണ്ണം15 ൽ കുറവായ സ്കൂളുകളില് ക്ലാസ്സടിസ്ഥാനത്തിൽ മതിയായ യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കിയും ഹർജിക്കാർ ഫയൽ ചെയ്ത 20-07-2017-ലെ നിവേദനം (Ext.P8 തീർപ്പാക്കി ഉത്തരവാകുന്നു. ഇപ്രകാരം ഒന്നാമതു പരാമർശിച്ച ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.വി. അനിൽകുമാർ**
അണ്ടർ സെക്രട്ടറി

പകർപ്പ്:-

ശ്രീ. ജ്യോതിറാം പി.വി, സെക്രട്ടറി, ഇൻഡിവിഡ്വൽ മാനേജ്മെന്റ് സ്കൂൾസ് അസോസിയേഷൻ, വിഭൂതി വീട്, പന്തലായനി, കൊയിലാണ്ടി (പോസ്റ്റ്) പിൻ-673305

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം, (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**